# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 25, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## സംയുക്ത വ്യവസായ സംരംഭങ്ങൾ

*331 ശ്രീ. എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് സംയുക്ത വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത്തരം വ്യവസായങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കുന്നതിന് നടപടി</u>

*332 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ടെസ്റ്റ് നടത്തി ലൈസൻസ് നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം പര്യാപ്തമല്ലെന്നും, കാലാനുസൃത പരിഷ്കരണം ആവശ്യമാണെന്നുമുള്ള കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എന്തൊക്കെ പരിഷ്കരണ നടപടികളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായെന്ന് വിശതമാക്കുമോ;

(ഡി) ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ളവരുടെ കാര്യത്തിൽ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

*333 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വിശദമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ചെലവു ചുരുക്കലിന്റെ വിശദമായ റിപ്പോർട്ട് ബോർഡിന്റെ സാമ്പത്തിക വിഭാഗം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ചെലവു ചുരുക്കൽ പദ്ധതി ബോർഡ് ജീവനക്കാരെയും പെൻഷൻകാരെയും ബാധിക്കാനിടയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

**പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡുമായി ചേർന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതി**

*334 ശ്രീ.പാലോട് രവി
'' ആർ.സെൽവരാജ്
'' സണ്ണി ജോസഫ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡുമായി ചേർന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എം.ഒ.യു ഒപ്പിട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വാതകാധിഷ്ഠിത പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിന്റെ വൈദ്യുതി ഉൽപ്പാദന ശേഷി എത്രയാണ്?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ഇ-ഫയലിംഗ്</u>

*335 ശ്രീ. ജി. സുധാകരൻ
,, എം. എ. ബേബി
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇ-ഫയലിംഗ് നടപ്പിലാക്കാൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ടെക്നോപാർക്കിലെ സ്വകാര്യ കമ്പനിയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത ഈ സോഫ്റ്റ്‌വെയർ ഐ. ടി. മിഷന്റെ പൂർണ്ണ ഉടമസ്ഥതയിലാണെന്ന് കെൽട്രോൺ അധികൃതൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇ-ഫയലിംഗ് നടപ്പിലാക്കാൻ താല്പര്യപ്പെട്ടുകൊണ്ട് കോഴിക്കോട് സർവ്വകലാശാല സർക്കാരിനോടോ കെൽട്രോണിനോടോ ആവശ്യപ്പെട്ടിരുന്നോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

ശബരി റെയിൽപാതയുടെ നിർമ്മാണം

*336 ശ്രീ. സാജു പോൾ
,, കെ. രാധാകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാതയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിലും സ്ഥലം ഏറ്റെടുക്കുന്നതിലും ഇപ്പോൾ അനുഭവപ്പെടുന്ന അനിശ്ചിതത്വത്തിന് കാരണം എന്താണെന്നും ഇത് പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കുമോ;

(സി) റെയിൽവേ ബജറ്റിൽ ഇതിനായി നീക്കിവച്ച ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ശബരി റെയിൽപാതയുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതിന് സർവ്വകക്ഷിയോഗം ഉടനടി വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇതുസംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ നിലവിലുള്ള അലൈൻമെന്റിൽ കാതലായ ഭേദഗതികൾ വേണമെന്ന് ആവശ്യപ്പെട്ടിരുന്നു;

(എഫ്) പ്രസ്തുത ഭേദഗതി നിർദ്ദേശത്തിൽ റെയിൽവേയുടെ അഭിപ്രായം എന്തായിരുന്നു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പുരോഗതി</u>

*337 ശ്രീ. ബാബു എം. പാലിശ്ശേരി
,, എളമരം കരീം
,, എസ്. ശർമ്മ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ സ്മാർട്ട്സിറ്റി പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) സ്മാർട്ട്സിറ്റിക്ക് മുൻ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമിയാണ് നൽകിയതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ ഭൂമി അധികമായി നല്കിയെന്നും വിശദമാക്കാമോ;

(ഡി) സ്മാർട്ട്സിറ്റിയുടെ മാസ്റ്റർ പ്ലാൻ അന്തിമമായി അംഗീകരിച്ചിട്ടുണ്ടോ;

(ഇ) നേരത്തെ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് പുതിയ മാസ്റ്റർ പ്ലാനിൽ വരുത്തിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പ്രസരണ ശേഷി വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

*338 ശ്രീ. പി. റ്റി. എ. റഹീം
,, എ. കെ. ബാലന്‍
,, ജെയിംസ് മാത്യു
,, പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുറത്തുനിന്ന് സംസ്ഥാനത്തേക്ക് വൈദ്യുതി എത്തിക്കുന്നതിന് ആവശ്യത്തിന് പ്രസരണശേഷിയില്ല എന്നത് സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(സി) തിരുനെല്‍വേലി ഇടമണ്‍ ഈസ്റ്റ് കൊച്ചി 400 കെ. വി. ലൈന്‍ നിര്‍മ്മാണത്തിന്റെ സ്ഥിതി എന്താണ്; ഈ ലൈന്‍ എന്ന് പൂര്‍ത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കൂടംകുളം വൈദ്യുതി നിലയം കമ്മീഷന്‍ ചെയ്യുന്നതോടെ അവിടെ നിന്ന് കേരളത്തിനുളള വിഹിതം ലഭിക്കുന്നതിന് ലൈന്‍ പൂര്‍ത്തിയാകാത്ത് എന്തുമാത്രം തടസ്സം ഉണ്ടാക്കുന്നുണ്ട്;

(ഇ) ബദല്‍ മാര്‍ഗ്ഗങ്ങളില്‍ കൊണ്ടുവരുന്നതിലൂടെ പ്രസരണ നഷ്ടം വര്‍ദ്ധിക്കുന്നതിന് ഇടയാക്കുമോ;

(എഫ്) ഇത് പരിഹരിക്കുന്നതിന് എന്തുമാര്‍ഗ്ഗമാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>സംരംഭകത്വ സഹായ പദ്ധതി</u>

*339 ശ്രീ. ഹൈബി ഈഡന്‍
,, ആര്‍. സെല്‍വരാജ്
,, വി. റ്റി. ബല്‍റാം
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സംരംഭകത്വ സഹായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) വ്യവസായ മേഖലയുടെ പുത്തന്‍ ഉണര്‍വിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>നേമത്തും കോട്ടയത്തും റയിൽവേ കോച്ച് ടെർമിനലുകൾ</u>

*340 ശ്രീ. എം. ഹംസ
,, കോടിയേരി ബാലകൃഷ്ണൻ
,, വി. ശിവൻകുട്ടി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ റെയിൽവേ ബജറ്റിൽ സംസ്ഥാനത്ത് അനുവദിച്ച കോച്ച് ടെർമിനലുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നേമത്തും കോട്ടയത്തും ഇതിനായി എത്ര ഏക്കർ ഭൂമി വീതമാണ് കണ്ടെത്തിയിരുന്നതെന്നും പ്രസ്തുത രണ്ട് ടെർമിനലുകളും എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്നും വ്യക്തമാക്കുമോ;

(സി) നേമത്ത് അനുവദിച്ച ടെർമിനൽ കന്യാകുമാരിയിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും നിർദ്ദേശം റെയിൽവേയുടെ ഭാഗത്തുനിന്നും ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം നിർദ്ദേശം ഉയർന്നുവന്നത് ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നോ;

(ഇ) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) നേമത്ത് അനുവദിച്ച ടെർമിനൽ കന്യാകുമാരിയിലേക്ക് മാറ്റുന്നത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>ഖാദിഗ്രാമ വ്യവസായ മേഖലയിലെ
തൊഴിൽ സാധ്യതകൾ</u>

*341 ശ്രീ. വി. റ്റി. ബൽറാം
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് തൊഴിൽ നൽകുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭം</u>

*342 ശ്രീ. എ. കെ. ബാലൻ
,, ആർ. രാജേഷ്
,, കെ. വി. വിജയദാസ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലായിരുന്നു ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനങ്ങൾ എത്ര കോടി രൂപയുടെ ലാഭമായിരുന്നു ഉണ്ടാക്കിയത് ;

(സി) നഷ്ടത്തിലായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി വിപണി സഹകരണത്തിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>കൈത്തറി പുനരുദ്ധാരണത്തിനുവേണ്ടി പഠന കമ്മിറ്റി</u>

*343 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി പുനരുദ്ധാരണത്തിനുവേണ്ടി അവസാനമായി ഒരു പഠന കമ്മിറ്റിയെ നിയോഗിച്ചതെന്നാണ്; ഈ പഠന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതെന്നാണ്; ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാം;

(ബി) ഈ ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>ചിട്ടി നിയമത്തിൽ മാറ്റം വരുത്താൻ നടപടി</u>

*344 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എ. എം. ആരിഫ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ചിട്ടിനിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ
വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഇപ്പോഴുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളെ കേന്ദ്രചിട്ടി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സര്‍ക്കാര്‍ നേരിട്ടു പിരിക്കുന്ന നികുതികള്‍</u>

*345 ശ്രീ. വി. ചെന്താമരാക്ഷന്‍
,, എളമരം കരിം
,, ജെയിംസ് മാത്യു
,, കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാര്‍ നേരിട്ടു പിരിക്കുന്ന നികുതികള്‍ ഏതെല്ലാമാണെന്നും അവയില്‍ സംസ്ഥാനങ്ങള്‍ക്കുള്ള വിഹിതം എപ്രകാരമാണ് നിശ്ചയിച്ചു നല്‍കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങള്‍ പുതുക്കി നിശ്ചയിക്കണമെന്ന് സര്‍ക്കാര്‍ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കുമോ .

(സി) ഈ ആവശ്യത്തിന്മേല്‍ കേന്ദ്രസര്‍ക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

(ഡി) കേന്ദ്രസര്‍ക്കാര്‍ നേരിട്ട് ശേഖരിക്കുന്ന നികുതി ഇനത്തില്‍ സംസ്ഥാന സര്‍ക്കാരിന് കഴിഞ്ഞ രണ്ടു വര്‍ഷങ്ങളില്‍ ലഭിച്ച വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>ട്രഷറി കമ്പ്യൂട്ടർവത്കരണം</u>

*346 ശ്രീ. കെ. അച്ചുതൻ
'' ജോസഫ് വാഴക്കൻ
'' വി. ഡി. സതീശൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളെ കമ്പ്യൂട്ടർവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതുമൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

*347 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം നികുതി വകുപ്പിന്റെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് നികുതി പിരിവ് ഫലപ്രദമാക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നികുതി വകുപ്പിൽ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുളളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) നികുതി സംബന്ധമായ കേസുകളിൽ കാലവിളംബം കൂടാതെ തീർപ്പുകല്പിക്കുന്നതിന് എന്തു സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളിലെ പരിശോധന</u>

*348 ശ്രീ. വി. ഡി. സതീശൻ
,, കെ.മുരളീധരൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങൾ പരിശോധിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളാണ് ഇതുമായി സഹകരിക്കുന്ന തെന്ന് വിശദമാക്കുമോ;

(സി) വാഹനങ്ങളുടെ യാത്രാക്ഷമത, സുരക്ഷ, നിലവാരം എന്നിവ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) വാഹന പരിശോധനയ്ക്ക് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>മൾട്ടിലെവൽ മാർക്കറ്റിംഗ്</u>

*349 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്തുള്ള പ്രശ്നങ്ങൾ പഠിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നോഡൽ ഓഫീസറെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവയുടെ ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണ്;
വിശദമാക്കുമോ;

(ഡി) ഈ രംഗത്തുള്ളവർ സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

<u>വാണിജ്യ–വ്യാപാരസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ</u>

*350 ശ്രീ. കെ. കെ. നാരായണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. ശർമ്മ
'' പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ–വ്യാപാര സ്ഥാപനങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വാണിജ്യ നികുതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) വാണിജ്യ–വ്യാപാരസ്ഥാപനങ്ങൾ വാണിജ്യ നികുതി വകുപ്പിൽ രജിസ്റ്റർ ചെയ്യാത്തതു മൂലം സർക്കാരിന് വൻ തുക നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുതായി വാണിജ്യസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും നികുതി വെട്ടിപ്പു തടയുന്നതിനും ഒറ്റത്തവണ പ്രോത്സാഹന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതി മൂലം എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഈ നടപടികളിലൂടെ സംസ്ഥാനത്ത് വാണിജ്യ–വ്യാപാര മേഖലയിൽ നിന്നും ഈ വർഷം സ്വാഭാവിക വർദ്ധനക്കപ്പുറത്ത് അധിക സമാഹരണം നടത്താമെന്ന് പ്രതീക്ഷിക്കുന്ന തുക എത്രയാണ്?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

**ജി. പി. എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം**

*351 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് യാത്ര സുരക്ഷിതവും സുഗമവുമാക്കാൻ എന്തൊക്കെ പുതിയ സംവിധാനങ്ങളൊരുക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ആധുനിക ജി. പി. എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എല്ലാ വാഹനങ്ങളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പെറ്റ് കോക്ക് ഉപയോഗിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന വൈദ്യുതി നിലയ പദ്ധതി</u>

*352 ശ്രീ. ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുളള ഇൻകെൽ സ്വകാര്യ സംരംഭകരുമായി ചേർന്ന് പെട്രോളിയം ഉല്പന്നമായ പെറ്റ്കോക്ക് ഉപയോഗിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന വൈദ്യുതിനിലയ പദ്ധതിയുടെ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; ഈ വൈദ്യുതി ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിൽ പാഴ്സൽ സർവ്വീസ്

*353 ശ്രീ. പുരുഷൻ കടലുണ്ടി
,, പി.കെ.ഗുരുദാസൻ
,, ബി. സത്യൻ
,, കെ.വി.അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസ് തുടങ്ങുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി തമിഴ്നാട്ടിൽ ആരംഭിച്ചത് വൻ ലാഭത്തിലാണെന്ന പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസ് ആരംഭിച്ചാൽ ഇപ്പോൾ സ്വകാര്യ കൊറിയറുകൾ അയക്കുന്നത് കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസിലേക്ക് മാറുകയും അതുമൂലം വൻ സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നും സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം</u>

*354 ശ്രീ. ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ബസ്സുകളുടെ യാത്രാ സമയം അറിയുന്നത് സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>ട്രഷറികളിൽ എ. ടി. എം. കൗണ്ടറുകൾ</u>

*355 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ. ടി. എം. കൗണ്ടറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതുമൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**25.06.2013–ലെ മറുപടിക്ക്**

<u>കാരുണ്യ ഇൻഷ്വറൻസ് പദ്ധതി</u>

*356 ശ്രീ. വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയിലെ ഗുണഭോക്താക്കളെ ചേർത്ത് കാരുണ്യ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഇൻഷ്വറൻസ് പരിരക്ഷയാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2013–ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുവാൻ പദ്ധതി</u>

*357 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം സ്ഥിരം പ്രതിഭാസമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ പുതിയ വൈദ്യുതി സ്രോതസ്സുകൾ കണ്ടെത്താൻ സർക്കാർ ശ്രമിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സൗരോർജ്ജം പ്രയോജനപ്പെടുത്താനുള്ള പദ്ധതിക്ക് രൂപം നൽകാൻ തയ്യാറാകുമോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ആവശ്യകത</u>

*358 ശ്രീ. എം. ചന്ദ്രൻ
,, ജി. സുധാകരൻ
,, കെ. കെ. ജയചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിദിന വൈദ്യുതി ആവശ്യകത എത്രയാണ്;

(ബി) സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ഏതെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ലോഡ് ഷെഡ്ഡിംഗും പവർകട്ടും എന്നെന്നേക്കുമായി പിൻവലിക്കാനാകുമോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ
വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013–ലെ മറുപടിക്ക്

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

*T-359 ശ്രീ. സി. കെ. സദാശിവൻ
,, കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ നിന്നുള്ള സേവനങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; കൂടുതൽ സ്ഥലങ്ങളിൽ ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുമോ ;

(ബി) ജനസേവന കേന്ദ്രങ്ങൾ സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ; നിലവിലുള്ള കേന്ദ്രങ്ങളിൽ നിന്ന് ജീവനക്കാരെ പിൻവലിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതിയിൽ വിവിധ മേഖലകൾക്കുള്ള തുക വകയിരുത്തൽ</u>

*360 ശ്രീ. കെ. ദാസൻ
,, കോടിയേരി ബാലകൃഷ്ണണൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാർഷിക പദ്ധതിയിൽ വിവിധ മേഖലകൾക്കുള്ള വകയിരുത്തൽ എപ്രകാരമാണ്;

(സി) പിന്നോക്ക വിഭാഗങ്ങൾക്കും മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കും മറ്റുമുള്ള വകയിരുത്തലുകളിൽ കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധന വരുത്തിയിട്ടുണ്ടോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പത്തു ശതമാനം തുകയുടെ വിനിയോഗത്തിന് സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള തീരുമാനം ഈ വർഷം നടപ്പിലാക്കാൻ സാധിക്കുമോ;

(ഇ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽവയലുകൾ നികത്തൽ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കാൻ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന്റെ മുൻനിലപാടിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 16.

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.